മഹിളാ സ്വസ്ത് സംഘാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ്

148 (3077)ശ്രീമതി റോസമ്മചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ സ്വസ്ത് സംഘങ്ങൾവഴി എത്ര വോളന്ററിയർമാർ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സംഘാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഏതെങ്കിലും ജില്ലയിൽ യൂണിയന്റെ പേരിൽ തിരിച്ചറിയൽ കാർഡ് അച്ചടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യൂണിയൻ അച്ചടിച്ച തിരിച്ചറിയൽ കാർഡിൽ ജില്ലാവകുപ്പ് മേധാവി ഒപ്പിട്ട് വിതരണം നടത്തിയിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ ഗവണ്മെന്റിന് പരാതി ലഭിച്ചിട്ടുണ്ടോ. എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(എഫ്) വർഷങ്ങളായി സംഘത്തിൽ പ്രവർത്തിക്കുന്നവരുടെ പേരുകൾ ഒഴിവാക്കി പുതിയ പേരുകൾ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) മഹിളാ സ്വസ്ത് സംഘങ്ങൾ വഴി 15 അംഗങ്ങൾ വീതമുള്ള 3420 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) തിരിച്ചറിയൽ കാർഡ് വകുപ്പ് ഔദ്യോഗികമായി നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) അങ്ങനെ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്. അപ്രകാരം ചെയ്ത ജില്ലാ വകുപ്പു മേധാവിയുടെ വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്.

(എഫ്) ലഭിച്ചിട്ടുണ്ട്.

(ജി) പ്രസ്തുത പരാതിക്ക് പരിഹാരം കാണുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

മഹിളാ സ്വസ്ത് സംഘങ്ങൾ

149 (3078)ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ.കെ. നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ സ്വസ്ത് സംഘങ്ങൾവഴി സംസ്ഥാനത്ത് എത്ര വോളന്ററിയർമാർ പ്രവർത്തിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly